
സ്പന്ദനം
എസ്. എസ്. എച്ച്.എസ് തോക്കുപാറ
2018-19
little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS
INTESABER

## താളുകൾ മറിയുമ്പോൾ


എഡിറ്റോഴ്സ്........................................3
Beauty of Nature........................................7
അതിജീവനത്തിൻെറ പാതയിലൂടെ........................................8
I am flying........................................9
കമ്പ്യൂട്ടർ തലമുറകൾ........................................10
അതിജീവനം........................................13
ഉയരട്ടെ........................................14
കേരള നാട്........................................15
കൈ കോർത്ത് നേരിടാം........................................16
പ്രളയത്തെ........................................16
ഒരുമയുടെ ദിനങ്ങൾ........................................18
കേരളം അതിജീവനത്തിന്റെ പാതയിൽ........................................19
കൃതജ്ഞത........................................20
കമ്പ്യൂട്ടറും ടെക്നോളജിയും........................................21
GENERAL KNOWLEDGE........................................23
പ്രളയത്തെ അതിജിവിച്ച കേരളജനത........................................25
Dangerous Flow........................................26
........................................26
IT QUIZ........................................27
കേരളത്തിന്റെ മൃത്യുഞ്ജയം........................................30
കരമാറി പ്രളയം വന്നേ........................................33
അധ്വാനിക്കുക അഭിമാനത്തോടെ........................................35
ഇനി അതിജീവനം........................................38
*Snow Man........................................39*
IT QUIZ........................................40
*നന്ദി*........................................42

# എഡിറ്റോറിയൽ

അനുദിനം വളരുന്ന സാങ്കേതികവിദ്യകളും വിവരവിനിമയ സംവിധാനങ്ങളും വിദ്യാഭ്യാസരീതികളിലും കാതലായമാറ്റം അനിവാര്യമാക്കുന്നു. അറിവ് പകരുന്നതിലുപരിയായി അറിവ് ആർജ്ജിക്കുന്നതിനുള്ള അവസരങ്ങളും അവബോധവും പകർന്ന് വദ്യാർത്ഥി കേന്ദ്രീകൃതസംവിധാനങ്ങളിലൂടെയാണ് ഇന്നത്തെവിദ്യാഭ്യാസം പരിപോഷിപ്പിക്കപ്പെടുന്നത്. വിദ്യാർത്ഥികളിലെ കഴിവുകളും അഭിരുചികളും ഹൈടെക് സംവിധാനങ്ങളുപയോഗിച്ച് പ്രയോഗതലത്തിലെത്തിച്ചുകൊണ്ട് സംഘപ്രവർത്തനത്തിലൂടെ സർഗശേഷിവളർത്തുകയെന്നതാണ് നമ്മുടെ ലിറ്റിൽകൈറ്റ്സ് എന്ന പുതിയ ഉദ്യമത്തിന്റെ ലക്ഷ്യം.

കൂട്ടായ പരിശ്രമത്തിലൂടെ ഈ ചെറിയ ഉദ്യമത്തെ മികവുറ്റതായി മാറ്റേണ്ടത് നിങ്ങളോരോരുത്തരുമാണ്. വിലയിരുത്തലുകൾക്കും വിമർശനങ്ങൾക്കുമായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.....

അജീഷ് ബി

അഫിൻ പോൾ

അലീഷ സജി

ആഷ്മി ജോർജ്ജ്

**ആൽബിൻ സജി**




3

# സെബാസ്റ്റ്യൻസ് ഹൈസ്കൂൾ തോക്കുപാറയുടെ ചരിത്രം




തോക്കുപാറയുടെ വികസനോന്മുഖ യാത്രയിൽ മുപ്പത്തിയാറു വർഷമായി ഈ നാടിൻറ സാംസ്കാരിക വളർച്ചയുടെ പ്രഭവകേന്ദ്രമായി മാറിയ സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ഇക്കാലമത്രയും തലമുറകൾക്ക് അറിവിൻറ കൈത്തിരിവെട്ടം പകർന്നുകൊണ്ട് തലയുയർത്തി നിൽക്കുന്നു . 1983-ൽ തുടക്കം കുറിച്ച ഈ വിദ്യാലയത്തിൻറ പ്രഥമ മാനേജർ റവ.ഫാ. ജോസഫ് വടക്കുംപാടത്തിൻറ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ജനപങ്കാളിത്തത്തോടെ ഉറപ്പുവരുത്തി. ഈ വളർച്ചയിൽ എല്ലാകാലവും താങ്ങും തണലുമായി നിന്നിരുന്നത് സർവ്വേശ്വരന്റെ


അളവില്ലാത്ത അനുഗ്രഹവും സംരക്ഷണവുമാണെന്ന കാര്യം നന്ദിപൂർവം സ്മരിക്കുന്നു. ജാതി,മത,വർഗ്ഗ ചിന്തകൾക്കതീതമായി പിൻഗാമികളായ ബഹു. ഇടവക വികാരിമാരുടെ പിന്നിൽ അണിനിരന്ന തോക്കുപാറയിലെ ജനങ്ങളുടെ കൈക്കരുത്തും മനക്കരുത്തും സമ്മേളിച്ചപ്പോൾ ആധുനികവിദ്യാഭ്യാസം പകർന്നുനൽകുവാനുള്ള സ്കൂൾ കെട്ടിടം പൂർത്തിയാക്കി ക്ലാസുകൾ തുടങ്ങാൻകഴിഞ്ഞു. കെട്ടിടനിർമാണത്തിൽ നേതൃത്വം നൽകുകയും വിവിധ തരത്തിലുള്ള സംഭാവനകൾ നൽകുകയും ചെയ്തു മൺമറഞ്ഞുപോയ മുൻഗാമികളുടെ സ്മരണക്കു മുന്നിൽ ഈ അവസരത്തിൽ ആദരവോടെ ശിരസ്സു നമിക്കുന്നു. സ്കൂളിൻെറ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. ജോൺ കല്ലുങ്കലിൻെറ നേതൃത്വത്തിൽ പുലർത്തിയ മികച്ച അധ്യയനനിലവാരം ഇന്നും അഭംഗുരം തുടരുവാൻ ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപക അനദ്ധ്യാപക കൂട്ടായ്മയ്ക്ക് സാധിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. കോതമംഗലം രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ മാനേജ്മെൻറിലേക്ക് നമ്മുടെ വിദ്യാലയം കൈമാറിയത് തുടർപ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി. 2004 ൽ രൂപികൃതമായ ഇടുക്കി രൂപതാ ഏജൻസിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ നമ്മുടെ വിദ്യാലയപ്രവർത്തനങ്ങൾ നടക്കുന്നത്. വിവിധ കാലഘട്ടങ്ങളിൽ ഇടുക്കി ജില്ലയുടേയും ദേവികുളം നിയോജക മണ്ഡലത്തിന്റേയും ജനപ്രതിനിധികളായിരുന്നിട്ടുള്ള ബഹുമാനപ്പെട്ട എം. പി മാരുടേയും എം. എൽ എ മാരുടേയുംഅകമഴിഞ്ഞ സഹായസഹകരണങ്ങൾ ഈ കലാലയത്തിന്റെ ഭൗതീക വികസനത്തിന് മുതൽക്കൂട്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട റവ. ഫാ. ജോസഫ് വടക്കം പാടം അച്ചനെതുടർന്ന് ചുമതലയേറ്റ റവ. ഫ്രാൻസിസ് അത്തിക്കൽ, റവ. ഫാ ജോസ് പുൽപ്പറമ്പിൽ എന്നിവർ കെട്ടിടനിർമാണം പൂർത്തുകരിച്ചു. മറ്റ്

ഭൗതികസൗകര്യങ്ങൾ ലഭ്യമാക്കിയത് റവ. ഫാ ലൂക്കാ ആനിക്കഴിക്കാട്ടിൽ റവ. ഫാ. ജോസ് കുന്നംപുറത്ത് എന്നിവരുടെ ശ്രമഫലമായിട്ടാണ്. റവ. ഫാ. ജോസ് മാവേലിക്കുന്നേലിന്റെ നേതൃത്വത്തിൽ പഴയ യു.പി.സ്കൂൾ കെട്ടിടങ്ങൾക്ക് പകരം ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമിക്കുവാൻ കഴിഞ്ഞു. മികച്ച പഠനനിലവാരം പുലർത്തുന്നതിനോടൊപ്പം കലാകായിക മേഖലകളിലും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ഈ കലാലയത്തിന് സാധിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിൽ പഠിച്ചുപോയ നിരവധി പ്രതിഭകൾ ഇന്ന് കലാസാംസ്കാരിക, രാഷ്ട്രീയ, മാധ്യമ, വൈദ്യശാസ്ത്ര, വിവരസാങ്കേതിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. പിന്നിട്ട വർഷങ്ങളിൽ നൂറുമേനി വിജയം നേടാൻ സാധിച്ചതോടൊപ്പം മുഴുവൻ വിഷയങ്ങൾക്കും A+ നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമമായ വർദ്ധനവ് ഉണ്ടാക്കുവാനും അച്ചടക്കത്തോടുകൂടിയുള്ള ഈ സ്കൂളിലെ അധ്യയനത്തിന് സാധിച്ചു വരുന്നു.

**Aleesha Saji**

-

# Beauty of Nature




**Ashmy George**

## അതിജീവനത്തിൻെറ പാതയിലൂടെ

### പ്രിയപ്പെട്ടവരെ......

2018 നവംബർ 1 കേരളപ്പിറവി ആഘോഷിക്കുകയാണ്. ഈ നിമിഷത്തിൽ നമ്മൾ ഓർക്കേണ്ടത് കഴിഞ്ഞ് പോയ ചില കാര്യങ്ങളാണ്. ഈ വർഷം അതിഭീകരമായ ഒരു പ്രളയം നമുക്ക് നേരിടേണ്ടി വന്നു ഇപ്പോഴും നാം അതിൽ നിന്ന് പൂർണ്ണമായും മോചനം നേടിയിട്ടില്ല. അപ്രതീക്ഷിതമാ യിട്ടായിരുന്നു ആ ദുരന്തം എത്തിയത്. നിരവധി പേർ അതിൽ പെട്ട് മരണമടഞ്ഞു. കേരളം 1924 ൽ ഒരു മഹാപ്രളയത്തിൽ പെട്ടതാണ്.ഇന്നത്തേക്കാൾ കൂടുതൽ മരണം അന്നുണ്ടായി എന്നാണ് കരുതപ്പെടുന്നത് അതുകൊണ്ട് കഴിഞ്ഞ് പോയതിനെ കുറിച്ച് ദുഃഖിക്കരുത്. കേരളം ഇപ്പോൾ അതിജീവനത്തിൻെറ പാതയിലാണ് എല്ലാ വർക്കും കേരള പിറവി ആശംസിക്കുന്നു.....

## അഭിഷേക് രാജേഷ്



# I am swimming

saju A

## കമ്പ്യൂട്ടർ തലമുറകൾ

## ഒന്നാം തലമുറ(1942-1955)

*വാക്വം ട്യൂബുകൾ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന അദ്യകാല കമ്പ്യൂട്ടറുളായ ഏനിയാക്ക്,എഡ്വാക്ക്,എസ്ഡാക്ക് മുതലയവ ഒന്നാം തലമുറയിൽപെട്ട കമ്പ്യൂട്ടറുകളാണ്. ലോലമായ ഈ ഗ്ലാസ് ട്യൂബുകൾക്ക് ഇലക്ട്രോണിക്ക് ട്യൂബുകളേ നിയന്ത്രിക്കാനും ആപ്ളിഫൈ ചെയ്യാനും കഴിയുന്നു. മില്ലി സെക്കന്റ് വേഗത്തിൽ കണക്കുകൾ കൂട്ടവാൻ ഇവക്ക് കഴിവുണ്ടായിരുന്നു.*

## രണ്ടാം തലമുറ(1956-1964)

*വാക്വം ട്യൂബിനേക്കാൾ വലിപ്പം കുറഞ്ഞതും പ്രവർത്തനക്ഷമത കൂടിയതുമായ ട്രാൻസിസ്റ്റർ എന്ന ഘടകം കണ്ടുപിടിച്ചതിനെ തുടർന്നാണ് കമ്പ്യൂട്ടറിൽ ട്രാൻസിസ്റ്റർ ഉപയോഗിക്കാൻ തുടങ്ങിയാത്.ഇവയെയാണ് രണ്ടാം തലമുറ കമ്പ്യൂട്ടറുകൾ എന്നു പറയുന്നത്. ഗണിതക്രിയകൾക്ക് മില്ലീ സെക്കന്റുകൾക്ക് പകരം ഇവ മൈക്രോസെക്കന്റുകളേ എടുത്തിരിന്നുള്ളൂ.*

## മൂന്നാം തലമുറ(1965-1675)

*ഇലക്ട്രോണിക് രംഗത്തെ വളർച്ച അനേകം സർക്യൂട്ടുകളെ*

*സിലിക്കണിന്റെ വളരെ ചെറിയ പ്രതലത്തിലേക്ക് സംയോജിപ്പിക്കുന്ന പ്രക്രിയ സാധ്യമാക്കി. ഇവയെ ചിപ്പ് എന്ന് വിളിക്കുന്നു. ഇന്റഗ്രറ്റസ് സർക്യൂട്ട് എന്ന് വിളിക്കപ്പെട്ട ഈ പുതിയ സാങ്കേതികവിദ്യയാണ് മൂന്നാം തലമുറ കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കപ്പെട്ടത്. താപം പുറന്തള്ളുന്നത് കുറഞ്ഞു. ഹാർഡ് വെയർ തകരാറുകൾ കുറഞ്ഞു.*

## നാലാം തലമുറ(1976-തുടരുന്നു)

*1971-ൽ മൈക്രോ പ്രോസസറുകൾ വികസിപ്പിച്ചെടുത്തതോടു കൂടിയാണ് ഇത്തരം കമ്പ്യൂട്ടറുകളുടെ ആരംഭം. ഇന്റഗ്രേറ്റഡ് സർക്യൂട്ട് സാങ്കേതികവിദ്യയുടെ വളർച്ചയെ തുടർന്ന് നേരത്തെ 10 ഭാഗം മുതൽ 20 ഭാഗം വരെ ഉൾകൊണ്ടിരുന്ന സാങ്കേതികവിദ്യ 100 ഭാഗം വരെ ഒരു ചിപ്പിലേക്ക് കൂട്ടിച്ചേർക്കാൻ സഹായിച്ചു. മീഡിയം സ്കെയിൽ ഇന്റഗ്രേഷൻ എന്നറിയപ്പെട്ടതിനുശേഷമാണ് ലാർജ് സ്കെയിൽ ഇന്റഗ്രേഷന്റെ കാലം വന്നത്. ഇപ്പോൾ ലഭ്യമായ കമ്പ്യൂട്ടറിന്റെ തലച്ചോറ് ഈ LSI ചിപ്പുകളാണ്. ഒരു പോസ്റ്റർ സ്റ്റാമ്പിന്റെ വലുപ്പത്തിലുള്ള പ്രതലത്തിലേക്കു പോലും ഒരു കമ്പ്യൂട്ടറിന്റെ മുഴുവൻ സർക്യൂട്ടുകളും സന്നിവേശിപ്പിക്കാം എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചു. ചുരുക്കത്തിൽ പറഞ്ഞാൽ നാലാം തലമുറ കമ്പ്യൂട്ടർ വന്നപ്പോഴാണ് കമ്പ്യൂട്ടർ യാഥർത്തിൽ ജനപ്രിയമായത്.*

## അഞ്ചാം തലമുറ(ഇപ്പോഴുള്ളതും വികസിക്കാനിരിക്കുന്നതും)

*യുക്തിപൂർവ്വം ചിന്തിക്കുകയും ജൈവികമായ അറിവുകൾ ഉള്ളതുമായ*

*കമ്പ്യൂട്ടറുകളാണ് അഞ്ചാം തലമുറ.ഇത്തരം കമ്പ്യൂട്ടറുകൾ വിശകലനം മാത്രമല്ല അറിവ് പ്രായോഗിക്കാൻ കൂടി*

*കെല്പുള്ളവയായിരിക്കും.കമ്പ്യൂട്ടർ  ഭാക്ഷക്കുപകരം അവ*

*മനുക്ഷ്യഭാക്ഷകൾ ഉപയോഗിച്ചേക്കാം.ഇത്തരം കമ്പ്യൂട്ടറുകൾ ശബ്ദം*

*തിരിച്ചറിഞ്ഞ് പ്രതികരിക്കാനുള്ള ശേഷിയും ഉണ്ടായിരിക്കും ഒരു*

*പക്ഷേ പ്രോഗ്രാം സ്വയം സൃഷ്ടിക്കാനുള്ള കഴിവും കണ്ടെത്താം.*

*ഇത്തരം കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നത് VLSI,LSI,ULSI*

*തുടങ്ങിയ അധിശക്തമായ ചിപ്പുകളാണ്.ഈ കമ്പ്യൂട്ടറുകൾ മനുഷ്യബുദ്ധിയോട് ഏറ്റവും അടുത്തുനിൽക്കുന്ന*

*കമ്പ്യൂട്ടറുകളായിരിക്കാം.*

**അഫിൻ പോൾ**

# അതിജീവനം

ഉയരട്ടെ നവകേരളം
ജയിക്കട്ടെ നവകേരളം
മുന്നേറട്ടെ നവകേരളം

കേരളം നമ്മുടെ ചങ്കാണ്
ചങ്കിടിപ്പാണ്
ചങ്കിലെ തീയാണ് കേരളം
നവകേരള സൃഷ്ടിക്കായ് നമ്മുക്കൊരുമിച്ച്
ചങ്കിടിപ്പോടെ മുന്നേറാം

കേരള വിപ്ലവം മുന്നേറട്ടേ
കേരളത്തിലെ ഇരട്ടപ്പോരാട്ടം വിജയിക്കട്ടെ
കൈയ്യും മെയ്യും മറന്ന് നാം
സുസ്ഥിരമാം പുനർനിർമാണം
നമ്മുടെ നാളെക്കായ്
ജ്വലിക്കട്ടെ അതിജീവനത്തിൻ മൂല്യങ്ങൾ
തിരശ്ശില ഉയർന്നു കേരളം മുന്നേറി

വച്ചതൊന്നും പതറിപ്പോവാതെ എല്ലാം
മറന്ന് നാം ഒരുമിച്ച് പ്രവർത്തിച്ചു
***ഈ ഐക്യമാണ് നമ്മുടെ ശക്തി***

***അലൻ സിബി***

## ഉയരട്ടെ



***Ajish B***

## കേരള നാട്

കേരമരങ്ങൾ തലയാട്ടീടും
കേരളമാണെൻ നാട്
മാമലനിരകൾ തലയാട്ടീടും
കേരളമാണെൻ നാട്
മാമരനിരകൾ കുളിർകോരീടും
കേരളമാണെൻ നാട്
ആറുകളോരോ ഗീതികൾ പാടും
കേരളമാണെൻ നാട്
ആഴിത്തിരയുടെ മാലകളണിയും
കേരളമാണെൻ നാട്
ജാതിമതങ്ങളും ഒരുമയിൽ വാഴും
കേരളമാണെൻ നാട്
അക്ഷരശോഭ നിറഞ്ഞു ലസിക്കും
കേരളമാണെൻ നാട്

By
Aleesha.Saji

***IX A***

## കൈ കോർത്ത് നേരിടാം

## പ്രളയത്തെ

1924 ശേഷമുള്ള *മഹാപ്രളയമാണ് ഇത്. ദൈവത്തിൻെറ സ്വന്തം നാട്ടിൽ അതിഭയാനകമായ പ്രളയം ഉണ്ടായി. കേരളത്തിന് കോടികളുടെ നഷ്ടം ഉണ്ടായി. ആളുകൾ പരസ്പരം സഹായിക്കാൻ തുടങ്ങി.*

*അഭയകേന്ദ്രമായി വീടുകൾ, സ്കൂളുകൾ തുട ങ്ങിയവ. മത്സ്യത്തൊഴിലാളി തോണിയുമായി വന്നു. നേവി ഹെലികോപ്റ്ററുമായി ഇറങ്ങി. ചിലർക്ക് വീട് വിടാൻ താൽപര്യമില്ലായിരുന്നു. അയൽ സംസ്ഥാനങ്ങൾ ഞങ്ങൾക്ക് തുണയായി . മുഖമന്ത്രിയുടെ ദുരിതാശ്വസനിധിയിലേക്ക് കോടികൾ നിറഞ്ഞു. ഞങ്ങളെ സഹയിച്ച എലാവർക്കും*

*നന്ദി.....*

*അലോഷ്യസ് ജോയി*



*AJISH B*

# ഒരുമയുടെ ദിനങ്ങൾ

തൊണ്ണൂറിലെ വെള്ളപ്പൊക്കം എന്ന് പഴമക്കാർ വിശേഷിപ്പിച്ച 1924-ലെ മഹാപ്രളയത്തിനുശേഷം ഉണ്ടായ കേരളം നേരിട്ട വൻദുരന്തമയിരുന്നു ഇക്കഴിഞ്ഞ മഴക്കെടുതി

മാർച്ച്, ഏപ്രിൽ എന്നി മാസങ്ങളിൽ ഉണ്ടായ വരൾച്ച ഈ പ്രളയത്തിനുള്ള ഒരു മുന്നറിയിപ്പായിരുന്നിരിക്കണം ആഗസ്റ്റ് എട്ടാം തീയതിയോടുകൂടി ആരംഭിച്ച പേമാരി നീണ്ട ഇരുപത് ദിവസത്തിന് ശേഷമാണ് അടങ്ങിയത്. പ്രളയം സൃഷ്ടിച്ച ദുരന്തങ്ങൾക്കു കണക്കില്ലായിരുന്നു

ആധുനികസമൂഹത്തിലെ മനുഷ്യൻ സ്വാർത്ഥതാൽപര്യങ്ങൾക്കായി പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾക്ക് പ്രതികാരമായി ഒരു പ്രളയരുപത്തിൽ പ്രകൃതി ക്ഷോഭിച്ചു. എന്നാൽ ഈ ഇരുപത് ദിവസങ്ങളെ കേരളം നേരിട്ടു. ജാതി,മത,വർണ വിവേചനമില്ല പ്രളയത്തിൽ അഭയകേന്ദ്രങ്ങിൽ ജനം ഒന്നായി.ഒരുമിച്ച് ഉറങ്ങിയും ഒരു പാത്രത്തിൽ ഭക്ഷിച്ചും ഒരുമയുടെ പൂങ്കാവനം സൃഷ്ടിച്ചു. ഈ പ്രളയത്തിലൂടെ "ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം" എന്ന പഴഞ്ചൊല്ല് കേരളീയർ പ്രാവർത്തികമാക്കി.

*അനില തോമസ്*

# കേരളം അതിജീവനത്തിന്റെ പാതയിൽ

***ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം, ഈ കഴിഞ്ഞ പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടു പോയത് ആയിരങ്ങൾ , അറിവ് പകർന്ന് നലകിയ വിദ്യാലയങ്ങൾ ക്യാമ്പുകളായിമാറി ആയിരങ്ങൾക്ക് സ്വന്തം വീടും സ്ഥലവും ഇല്ലാതെയായി ഈ മഴകാലത്ത് ഓരോ പ്രദേശത്തേയും ഒറ്റപ്പെട്ടുപോയ ജനങ്ങളെ സാഹയിച്ചത് നമ്മുടെ സ്വന്തം മത്സ്യത്തൊഴിലാളിക്കളും, നാവികസം ഘവും ആണ്.ഇന്നത്തെ ജീവിതത്തോട് അവർ*** *മത്സരിക്കുകയാണ് കേരളം അതിജീവന ത്തിന്റെ പാതയിൽ ആണ്. ഓരോ മനുഷ്യരെയും സഹായിക്കാൻ പതിനായിരങ്ങൾ മുന്നോട് വന്നു. പുഴയെടുത്ത് പോയ വീടുകളും നാം കണ്ടു ഇന്നും അവയെല്ലാം തരണം ചെയ്യാൻ കേരളത്തിൻ കഴിയുന്നു .1924 ശേഷം ഉണ്ടായ ഏറ്റവും വലിയ പ്രളയം 2018 ഓഗസ്റ്റ് മാസം 'കലിമഴ' പെയ്യൻ തുടങ്ങി മാസങ്ങൾ ജനങ്ങൾ ക്യാമ്പുകളിൽ കഴിഞ്ഞു . ജാതിയും മതവും നോക്കാതെ ജനങ്ങൾ സ്വന്തം മനുഷ്യത്വം പ്രകടമാക്കി . ജീവിതവും മരണവും മൂന്നിൽ കണ്ട ദിവസങ്ങൾ അത് നാം ആരും മറക്കില്ല . പുഴക്കൾ കരകവിഞ്ഞ് ഒഴുക്കിയത്തും മറ്റും നാം മറക്കില്ല . പുഴക്കൾ നിറഞ്ഞ് ഒഴുക്കിയപ്പോൾ നാം ജീവിതം അവസനിച്ചു എന്ന കരുത്തി . ജാതിയില്ല ,മതമില്ല പാവപ്പെട്ടവനോ,ഇല്ല എന്ന സത്യം നാം മനസിലാക്കി . വിശപ്പിന്റെ വില മനസില്ലാക്കിതന്ന നിമിഷം അളവില്ലാതെ ഉപയോഗ ശൂന്യമാക്കുന്ന ഭക്ഷണം ആ നാളുകളിൽ നമുക്ക് എത്രയോ വിലപ്പെട്ടതായിരുന്നു എന്ന് നാം നവകേരളപ്പിറവിയുടെ ആദ്യഘട്ടത്തിൽ നാം തിരിച്ചറിഞ്ഞിരിക്കുന്നു . എത്രയോ ജീവനുക്കൾ നമുക്ക് ബലികൊടുക്കേണ്ടി വന്നു നാം ഒന്നു മനസിലാക്കുക എല്ലാം നമ്മുടെ ജീവിതത്തിൽ പ്രാധാന്യ മർഹിക്കുന്നതാണ്. അത് ജീവന്റെ ഒരു കണിക്കയായൽ പോലും പ്രളയക്കെടുതിയിൽ കേരളത്തെ അതിജീവനത്തിന്റെ പാതയിലേക്ക് നയിച്ച എല്ലാ പ്രിയപ്പെട്ടവരേയും നമ്മുക്ക് നന്മയോടെ ഓർക്കാം , മഹാബലി വാണിരുന്ന ഒരു കാലം ആ നാളേക്കു വേണ്ടി നമുക്ക് ഒന്നായി കൈ കോർക്കാം*

*........ നവകേരളപിറവിയോടെപ്പം...............*

*ആരതി രവി*

# കൃതജ്ഞത




*Prince Joseph Bobby*

## കമ്പ്യൂട്ടറും ടെക്നോളജിയും

കമ്പ്യൂട്ടർ ഒരു ഇലക്ട്രോണിക് ഉപകരണം ആണെന്നും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളിൽ നിന്നും വ്യത്യസ്തമായി നാം നൽകുന്ന വിവരങ്ങൾ ഇത് കൈകാര്യം ചെയ്യുന്നുവെന്നുംനമുക്ക് അറിയാം.

ചാൾസ് ബാബേജ് എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ആണ് കമ്പ്യൂട്ടറിന്റെ പിതാവെന്ന് അംഗീകരിക്കുന്നു.19–ാം നൂറ്റാണ്ടിൽ അദ്ദേഹം നിർമ്മിച്ച കമ്പ്യൂട്ടർ വലിയ ചക്രങ്ങളൊക്കെ ചേർന്ന കൂറ്റൻ യന്ത്രമായിരുന്നു. 1888–ൽ അമേരിക്കൻ ശാസ്ത്രകാരനായിരുന്ന ഹെർമ്മൻ ഹോളറിഞ്ഞ നിർമ്മിച്ച കമ്പ്യൂട്ടറാണ് വിജയകരമായി പ്രവർത്തിച്ച ആദ്യത്തെ കമ്പ്യൂട്ടർ. ഇത്തരം 56 യന്ത്രങ്ങൾ ഉപയോഗിച്ച് ദശലക്ഷം ആളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ഒറ്റ ദിവസം കൊണ്ട് പട്ടികയിലാക്കിയെടുത്തു. ഇൻപുട്ടിംഗ് സ്റ്റോറിംഗ്, പ്രോസസിംഗ്, കൺട്രോളിംഗ്, ഔട്ട്പുട്ടിംഗ് തുടങ്ങി അഞ്ചുതരം പ്രവർത്തനങ്ങളാണ് കമ്പ്യൂട്ടറിൽനടത്തപ്പെടുന്നത്.

*വിവരങ്ങളുടെയും നിർദേശങ്ങളുടെയും സ്വീകരണമാണ് ഇൻപുട്ടിംഗ് കൊണ്ട് അർത്ഥമാക്കുന്നത്.ആവശ്യസമയത്ത് ഉപയോഗിക്കുവാനായി വിവരങ്ങൾ സംഭരിച്ച് വയ്ക്കുന്നതിനെ സ്റ്റോറിംഗ് എന്നു പറയുന്നു. നാം കൊടുക്കുന്ന ഇൻപുട്ട് പ്രോസസ്സിനുശേഷം വസ്തുതകൾ മാറുന്നു. അവശ്യപ്പെടുന്ന വസ്തുതകൾ ഉപയോക്താവിന് നൽകുന്നത് ഔട്ട്പുട്ടിംഗിന്റെ പരിതിയിൽ വരും.മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുടെ ക്രമപ്പെടുത്തലാണ് കൺട്രോളിംഗ് കൊണ്ട് അർത്ഥമാക്കുന്നത്.*

*ആഷസ് അസീസ്*




*Fausteena*

## GENERAL KNOWLEDGE

Q1. നീല നിറത്തിൽ രക്തമുള്ള ജീവി ഏത്?
ANS:ഞണ്ട്
Q2.ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയ പാതയേത്?
ANS:NH-7
Q3.ലോകത്തിലെ ആദ്യ പുകവലിമുക്ത രാജ്യം ഏത്?
ANS:ജപ്പാൻ
Q4 രാജ്യസഭ ഉപാധ്യക്ഷൻ?
ANS:ഹരിവംശ്
Q5 കൊച്ചിൻ ഷിപ്യാർഡ് ഏതു രാജ്യത്തിന്റെ സാഹായത്തോ ടെയാണ് നിർമ്മിച്ചിട്ടുള്ളത്?
ANS:ജപ്പാൻ
Q6 ആരുടെ അന്ത്യവിശ്രമ സ്ഥലമാണ് രാജ്ഘട്ട്?
ANS:മഹാത്മാഗാന്ധി

Q 7"ഗരീബി ഹഠാവോ "ഏത് പ്രധാനമന്ത്രിയുടെ മുദ്രാവാക്യമാണ്?

ANS:ഇന്ദിരാ ഗാന്ധി

Q8 കേരളത്തിന്റെ തേക്കേയറ്റത്തെ ജില്ല?

ANS:തിരുവനന്തപുരം

Q9 കടലിലും മറ്റും കലരുന്ന എണ്ണ തിന്നു നശിപ്പിക്കുന്ന ബാക്ടീരിയായെ ജനിതക എൻജിനീയറിംഗിലൂടെ വികസിപ്പിച്ചെത്തിട്ടുണ്ട്.ആ ബാക്ടീരിയയുടെ പേരെന്ത്?

ANS:സൂപ്പർ ബഗ്സ്

Q10.സംഘകാലത്തെ പ്രധാന ഭാഷ?

ANS:തമിഴ്

# പ്രളയത്തെ അതിജിവിച്ച കേരളജനത

2018-ൽ സംഭവിച്ചതാണ് കേരളം നേരിട്ട ഏറ്റവും വലിയ പ്രളയം. കേരളത്തിലുള്ള ജനങ്ങൾ ഒന്നിച്ച് നിന്ന ആ നിമിഷം മറക്കാനാവില്ല.ജീവിതവും മരണവും ഒരുമിച്ച് നേരിട്ട് കോടികണക്കിന ജനങ്ങൾ.രക്ഷിക്കാനായി വന്ന മത്സ്യതൊഴിലാളികളും നാവികസംഘവും ഒന്നിച്ച് അവരുടെജീവിതം വച്ച് നമ്മളെ ഓരോരുത്തരേയും രക്ഷിച്ചു.ദൈവത്തിന്റെനാട് എന്ന പറയുന്ന കേരളം വലിയ പ്രളയം നേരിട്ട് പുനർജന്മത്തിൽ എത്തിച്ചേരുമെന്നുള്ള വിശ്വാസമാണ്നമ്മുക്ക്. കേരളം പുനർനിർമ്മിക്കപ്പെടും.

1924-ൽ ഉണ്ടായ പ്രളയതിന ശേഷം 2018-ൽ സംഭവിച്ച ഏറ്റവും വലിയ പ്രളയമാണ് ഇത്.പാവപ്പെട്ടവനോ പണക്കാരനോ എന്ന് നോക്കാതെ രക്ഷിക്കാനായി വന്ന ജനങ്ങൾ. പാവപ്പെട്ടവനോ പണക്കാരനോ ഇല്ല എന്ന സത്യം ഈ പ്രളയം നമ്മെ മനസിലാക്കി തന്നു. അളവില്ലതെ ഉപയോഗശൂന്യമാക്കുന്ന ഭക്ഷണത്തിന്റെ വില നാം മനസിലാക്കി എത്രയോ ജിവിതങ്ങൾ നമ്മുക്ക് ബലികൊടുക്കേണ്ടി വന്നു.

കേരളം പുനർനിർമ്മിക്കപ്പെടും..........

അശ്വതി രവി

# Dangerous Flow

*Gold brown upon the sated flood*
*The rock vine clusters life and sway;*
*Vast wings above the lambent -*
*Waters brood,of sullen day.*

*A waste of water ruthlessly*
*Sway and uplifts its weedy mane.*
*Where brooding day stars down*
*Upon the sea in dull disdain.*

*Uplift and sway,Oh golden vine*
*Your clustered fruits to love's full flood*
*Lambent and vast are ruthless*
*as in thine incertitude!*

*ദീപ്യ ദിനേശ്*

# IT QUIZ

1. WHO IS THE CHAIRMAN AND MANAGING DIRECTOR OF KITE ?

ANS. SIR A SHAJAHAN

2. WHO IS THE VICE CHAIRMAN AND EXECUTIVE DIRECTOR OF KITE ?

ANS. SHIR . K . ANVER SADATH

3.WHO IS OUR EDUCATIONAL MINISTER OF KERALA ?

ANS. PROF.C.RAVEENDRANATH

4.WHO IS THE FOUNDER OF UBUNTU ?

ANS. MARK RICHARD SUTTLEWORTH

5.WHO IS THE FOUNDER OF GOOGLE ?

ANS. LARRY PAGE AND SREGEY BRIN

6. WHO IS THE WRITER OF THE BOOK “ HOW THE WEB WAS BORN .THE STORY OF THE WORLD WIDE WEB “ ?

ANS. ROBERT CALLIAU

7. WHO IS THE FOUNDER OF MIT APP INVENTER ?

ANS. HAL ABELSON

8. WHO IS THE FOUNDER GIMP ?

ANS. PETER MATTIS AND SPENER KIMBALL

9. WHO IS THE FOUNDER OF ANDROID ?

ANS. RICH MINER AND ANDY RUBIN

10. FULL FORM OF GIMP ?

ANS. GUN IMAGE MANIPULATION PROGRAM

11. WHO IS THE FOUNDER OF YAHOO ?

ANS. JERRY YANG AND DAVID FILU

12. WHO IS THE FOYUNDER IF FACEBOOK ?

ANS. MARK ZUCKERBERG
13.WHO IS THE FOUNDER OF FSF ?

ANS. RICHARD STALLMAN

14. WHAT IS THE FULL FORM OF GPL ?

ANS. GUN GENERAL PUBLIC LICENSE

15. IN WHICH YEAR GPL WAS FOUND ?

ANS. 1983 SEPTEMBER 27 TH

16. WHO IS THE FOUNDER OF THE LINUX KORNINAL ?

ANS. LINUS TORVALDS

17. WHAT IS THE FULL FORM OF GIF ?

ANS. GRAPHICS INTERCHANGE FORMAT

18. WHO IS THE FOUNDER OF THE GIF ?

ANS. LINUS TORVALD

19. WHO IS THE FOUNDER OF THE WIKIPEDIA ?

ANS. JIMMY WALLES

20. WHAT IS THE FUL FORM OF GFDL ?

ANS. GUN FREE DOCUMENT LICENSE

21. WHO IS THE FOUNDER OF CREATIVE COMMANTS ?

ANS. JIMMY WALES

22. WHO IS THE FOUNDER OF WORLD WIDE WEB ?

ANS. TIM BERNER LEE

23. WHO IS THE FOUNDER OF URL AND HTTP ?

ANS. MR. TIM BERNER LEE

24. WHAT IS THE FULL FORM OF URL ?

ANS. UNIFORM RESOURCE LOCATION

25. WHAT IS THE FULL FORM OF HTTP ?

ANS. HYPER TEXT TRANSTER PROTOCOOL

26.WHO IS THE FOUNDER OF YOUTUBE ?

ANS. JAWED KARIM , CHAD HURLEY ,STEVE CHEN

27.WHO IS THE FOUNDER OF INSTAGRAM ?

*ANS. KEVIN SYSTOM*

*Denson sony*

# കേരളത്തിന്റെ മൃത്യുഞ്ജയം

മഞ്ഞച്ചുവപ്പായ് പൂക്കളും
നീല നീലിമയാർന്ന പുഴകളും
എത്രയോ മനോഹരമാം
കേരളനാടിന്നു
കാണുന്നു ഞാനെൻ
മനം തകരുന്നു
കവർന്നെടുത്തു ആ പ്രളയം
എൻ നാടിനെ
തിരിച്ചു വരുന്നു
പുതുജീവൻ നകരുന്നു
മൃത്യുഞ്ജയം വരിച്ചൊരാ
നാടാകുന്നു ഇന്നെൻ കേരളം
പുതു സംഘടനകളും
എൻ നാടിനെ സഹായിച്ചിരിക്കുന്നു
'ലിറ്റിൽ കൈറ്റ്സ്' എന്ന
പുതു പട്ടവും
പുതു സംഘടനയായി
കേരളം ഇന്നുണരുന്നു
ഹൈ - ടെക് ക്ലാസ്സുകളിൽ
ഇരുന്നു പഠനം നടത്തി
കേരള നന്മയ്ക്കായി

കേരള മക്കൾ ഉയരുന്ന

റിൻസി വർഗ്ഗീസ്
9 A

# A BRIEF COMPUTER HISTORY

**The computer as we know it today had its beginning with 19th century English mathematics professor name Charles Babbage . He designed the Analytical Engine and it was this design that the basic framework of the computer of today are based on.**

**Generally speaking computers can be calssified into three generation each**
**generation lasted for a contain period of time,and each gave us either a new improved computer or an improvement to the existing computer**

**first generation : 1937 - 1946 - In 1937 the first electronic digital computers**
**was built . In 1943 an electronic computer name the colossus was build for the military . other developments continued unit in 1946 the first general . purpose digital computer , the electronic numerical Integrator and computer ( E N I AC ) was built . It is said that this computer weighed 30 tons , and had 18000 vacuum tubes which was for processing .**
**when this computer was turned on for the first time light dim in sections of computer of this generation could only perform single task , and they had no operating system**

**second generation : 1947 - 1962 - This generation of computers used transistors instead of vacuum tubes which were more reliable .**
**In 1951 the first computer for commercial use was Introduced to the**

**public , the Universal automatic computer ( U N I V A C I ) .**
**In 1953 the International business machine (IBM) 650 and 700 series computer made their ?**
**mark in the computer world . During this generation**
**of computers over100 computer programming languages were developed ,**
**computers had memory and operating systems . storage media such as tape and disk were in use also were printers for output**

**Third generation 1963- present -the invention of integrated circuit brought us the third generation of computers with this invention computers become smaller, more powerful more reliable and they are able**
**to run many different programs at the same time . In 1980 Microsoft disk operating system (ms-dos) was born and in 1981 IBM introduced the personal computer (pc) for home and office use three years later apple gave us the macintosh computer with its icon driven interface and**
**the 90s gave us windows operating system**
**As a result of the various improvement to the development of the computer we have seen the computer been used in all areas of life . It is very useful tool that will continue to experience new development as time passes**

**Jaison Paul**

## കരമാറി പ്രളയം വന്നേ

നവകേരള സൃഷ്ടിക്കായ്
നാമൊന്നായ് നിൽപ്പല്ലോ

മല തൊട്ടു വരച്ചൊരു ചരടിൽ
കടലോളം നീണ്ട വഴിക്കൽ
മഴ മേഘം കെട്ടു പിണഞ്ഞേ
കര മാറി പ്രളയം വന്നേ

അടിവാരം മുങ്ങി മറഞ്ഞേ
തിരുവാതിൽ കെട്ടിയടഞ്ഞേ
കലിതുള്ളിയ കുതി വെള്ളത്തിൽ
അലറും പുഴ നാട് നിറഞ്ഞേ

അതിവർഷം പൊട്ടിയിറങ്ങി
അണ വെള്ളപാച്ചിലുമായി
കുറവാൻ മല മുങ്ങാറായി
ചെറുതോണി പാലം ഇടിഞ്ഞു
പെരിയാറും പമ്പ നദിയും

ഒഴുകാനൊരു പുതു വഴി തേടി

ഒന്നാം നില രണ്ടാം നിലയും
മുങ്ങുന്നവരലറി വിളിച്ചേ

പടിവാതിൽ മണ്ണുനിറഞ്ഞേ
പടിഞ്ഞാറ്റപ്പുരയുമിടിഞ്ഞേ

കണ്ണെത്താ പുഞ്ചപ്പാടോം
കന്നാലിയുമെവിടെ മറഞ്ഞു
കരതേടിയ താറാക്കുഞ്ഞിനെ
കഥയില്ല ച്ചുഴിയുക്കിന്നെ

അതിർക്കാക്കും സേനയിറങ്ങി
ആകാശക്കയറിലിറങ്ങി
പുഴ പാതയിൽ തോണിയിറക്കി
വല വീശി മക്കളിറങ്ങി

എബിന

# അധ്വാനിക്കുക അഭിമാനത്തോടെ

തൊഴിലിനോടും അധ്വാനത്തോടും ഉള്ള മലയാളികളുടെ മനോഭാവത്തെക്കുറിച്ച് ചർച്ചകളും സംവാദങ്ങളും അരങ്ങേറുന്നുവെങ്കിലും മലയാളിയുടെ മനോഭാവത്തിൽ മാറ്റമൊന്നുമുണ്ടായിട്ടില്ല തൊഴിലിനുലഭിക്കുന്ന പ്രതിഫലത്തേക്കാൾ തൊഴിലിന്റെ മാന്യതക്ക് വിലകല്പിക്കുന്ന സമൂഹമായി നാം ഇന്നും തുടരുന്നു. വെള്ളക്കോളർ ഉദ്യോഗമാണ് ഇന്ന് എല്ലാവരുടെയും സ്വപ്നം കായികാധ്വനം അവശ്യമുള്ള തൊഴിലിനോട് ആർക്കും മമതയില്ല വിശേഷിച്ച് കൃഷി,കാലി വളർത്തൽ തുടങ്ങി കാർഷികമേഖലയുമായി ബന്ധപ്പെട്ടതൊഴിലുകളോട് .

കേരളത്തിൽ ജോലിചെയ്യാൻ മലയാളിക്കു മടിയാണ് കായികാധ്വാനം ആവശ്യമുള്ള ജോലികളുടെ കാര്യത്തിൽ മാത്രമല്ല വെള്ളക്കോളർ ജോലിയായാലും ഈ മനോഭാവത്തിൽ മാറ്റമില്ല ഇതേ മലയാളി

കേരളത്തിനു വെളിയിലെത്തിയാൽ ഏതുജോലിചെയ്യാനും സന്നദ്ധനാണ് .തൊഴിലിന്റെ മാന്യത പ്രശ്നമല്ല. വിദ്യാദ്യാസയോഗ്യത കഠിനാദ്ധ്യാനം ചെയ്യുന്നതിനു തടസ്സമാകാറുമില്ല . കേരളത്തിലെ കാർഷികമേഖലയുടെ തളർച്ചയ്ക്കു പരമ്പരാഗത തൊഴിലുകളുടെയും കുടിൽ വ്യവസായങ്ങളുടെയും നാശത്തിനും മുഖ്യകാരണം ഈ ഇരട്ടത്താപ്പ് മനോഭാവം തന്നെയാണ്.

എത്ര തൊഴിലും അത്മസമർപ്പണത്തോടെ ചെയ്തിരുന്ന ഒരു തലമുറയാണ് നമുക്കു മുമ്പേകടന്നുപോയത് .ആസമർപ്പണമനോഭാവം നാം തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു. ജോലി ചെയ്യുന്നത് അപമാനമാണെന്ന ചിന്തതന്നെ പാപമാണ്. ഏതു തൊഴിലിനും മാന്യതയുണ്ട് എത് അധ്വാനത്തിനും മൂല്യമുണ്ട് .തൊഴിലിന്റെ മാന്യതയും മഹത്വവും വെള്ളക്കോളർ ജോലിയിലോ ഫാക്ടറിയിലെയും കമ്പനികളിലെയും ജോലികളിലോ മാത്രമായി

ഒതുങ്ങുന്നില്ലെന്ന സത്യം നാം മനസ്സിലാക്കണം
പാടത്ത് ചേറിൽ പണിയെടുക്കുന്ന
കർഷകൻെറയും ഫാക്ട്റിയിൽ
പണിയെടുക്കുന്ന തൊഴിലാളിയുടെയും
എ.സി.മുറിയിൽ കബ്യൂട്ടറിൻെറ മുന്നിലിരുന്ന്
ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്റെയും
അധ്വാനത്തിന് ഒരേമാന്യത കൽപിക്കാൻ
നമ്മുക്ക് കഴിയണം.എങ്കിൽ മാത്രമേ
തോഴിലിനോട് ആത്മസമർപ്പണം
ചെയ്യുന്നവരും അധ്വാനിക്കുന്നത്
അഭിമാനമാണ് എന്ന് ചിന്തിക്കുന്നവരുമായ
ഒരു ഭാവിതലമുറ ഇവിടെ വളർന്ന് വരൂ.

BY

Adhithyan Anil

## ഇനി അതിജീവനം

പലനാൾ  പണിപ്പെട്ട
പണിതു പിടിപ്പിച്ച
പരകോടി മർത്യർടെ
പരമമാം സ്വത്തെലാം
വെറുമൊരു മൺകുടം


മാത്രമെന്നോർമിപ്പൂ
മനുഷ്യരെലാം
പ്രകൃതിക്കെതിരെ തൊടുത്ത
വെടിയുണ്ടകൾ വിനയായി


തിരികെ വരുന്നുവെന്നോർക്കണം
മർത്യരെ നമ്മളെല്ലാം
പ്രളയം തകർത്തൊരി
കേരളം പുലരുന്നതന്നുതാപകരം

അതിജീവനം മാത്ര
മിനിയെന്റെ മുമ്പിൽ
വെറുമതിജീവനം മാത്രം

Ashna Johny

# Snow Man






ajish b

# IT QUIZ

1. who are the founders of google ?
Ans: Larry Page , Sergey Brin

2. Who invented compact disc?
Ans: James T. Russell

3.Edward Roberts gave which famous term to I T?
Ans: personal Computer

4. UNIX,C etc were invented by?
Ans: Dennis Ritchie

5. Who invented Dynabook?
Ans: D.R Alan kay

6. who is regarded as the father of oops?
Ans D.R Alan kay

7. Which I.T company started as Gateway technologies in 1984 is now famous as ?
Ans: Compaq

8. Altair computer appears in which famous t v programme ?
Ans: Star trek

9. which famous computer programmer was born on December 10,1815?
ans: Ada Lovelace

10. The first woman I.T programmer was........
ans: Ada Lovelace

11. Roberts Noyce /Gorden Moore etc are the founders of which I.T company ?
Ans:INTEL

12. Which i.t giant was born on 28th October 1955?
ans: Bill Gates

13. E-Seva is the I.T project of which state ?
Ans: Andhra Pradesh

14. Expand NASSCOM.
Ans; National Association of Software and Service Companies

15. Who wrote “ The Road Ahead”
ans: Bill Gates

*Akshai Xavier*


കൈ കോർത്ത്
നേരിടാം
പ്രളയത്ത

gayas xavior

# നന്ദി

ലിറ്റിൽകൈറ്റ്സ് കൂട്ടായ്മയുടെ ശ്രമഫലമായി സ്പന്ദനം എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച കൈറ്റ് മിസ്ട്രസ്സാരായ എമിലി ജോസഫ്, ദീപ ജോൺ എന്നിവർക്കും ഈ മാഗസിനിലെ സ്പന്ദനങ്ങളായ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും നന്ദി.......